# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നം: 2929

22-02-2016- ൽ

മറുപടിയ്ക്ക്

### മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) പ്രകാരം കിട്ടേണ്ട ഫണ്ട് യഥാസമയത്ത് ഇടപെടൽ ഇല്ലാത്തത് കാരണം നഷ്ടമായിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 14 ജില്ലകളിലായി 132 ബ്ലോക്കുകൾ 25 നഗരസഭകൾ 5 കോർപ്പറേഷനുകൾ എന്നിങ്ങനെ കേന്ദ്രീകൃതമായി സംസ്ഥാനത്ത് വയനാട്ടിലെ നാലു ബ്ലോക്കുകളും മലപ്പുറം ജില്ലയിൽ പൊന്നാനി സഗരസഭയും ഒഴിച്ചു ബാക്കി കേന്ദ്രങ്ങൾ ഈ പദ്ധതിയുടെ കീഴിൽ വരാത്തതത് എന്തുകൊണ്ടാണ്; | (ബി) | സംസ്ഥാനത്ത് 11-ാം പദ്ധതിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായി അംഗീകരിച്ച് എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കുന്നതിനായി 7 ജില്ലകളെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ ണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും, വയനാട് ജില്ലയെ മാത്രമാണ് എം.എസ്.ഡി.പി പദ്ധതി നിർവ്വഹണത്തിനായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകരിച്ചത്. 12-ാം പദ്ധതിയുടെ ആരംഭഘട്ടത്തിൽ പുനരാവിഷ്കൃത എം.എസ്.ഡി.പി പദ്ധതികളുടെ ഭാഗമായി ബ്ലോക്കുകളെ ഒരു യൂണിറ്റായി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, കൂടുതൽ പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് കണ്ടെത്തിയ സംസ്ഥാനത്തെ 50 ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളുടെ പേരു |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ, വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിനെയും മാത്രമാണ് എം.എസ്.ഡി.പി പദ്ധതി നിർവ്വഹണ പ്രദേശമായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ളത്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ എന്ന പരിഗണനയോടൊപ്പം തന്നെ ടി പ്രദേശത്തെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക അടിസ്ഥാന വികസനങ്ങളുടെ അപര്യാപ്തതകൾ കൂടി പരിഗണിച്ചാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ടി പ്രദേശങ്ങളെ എം.എസ്.ഡി.പി പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. |
| (സി) | മൊത്തം ചെലവിന്റെ 40 ശതമാനം സംസ്ഥാനം വഹിക്കേണ്ടതുണ്ടോ ; സർക്കാർ പദ്ധതിയിൽനിന്ന് അകലാൻ കാരണമെന്ത്; | (സി) | സാധാരണയായി 25% വിഹിതമാണ് സംസ്ഥാന സർക്കാർ ടി പദ്ധതി നിർവ്വഹണത്തിനായി വഹിക്കേണ്ടതായിട്ടുള്ളത്. ടി പദ്ധതിയിൽ നിന്നും സർക്കാർ അകന്ന് നിന്നിട്ടില്ല. 11-ാം പദ്ധതിയിലെ മുഴുവൻ പദ്ധതി നിർദ്ദേശങ്ങൾ പൂർത്തീകരിക്കുവാനും, 12-ാം പദ്ധതിയിലെ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എം.എസ്.ഡി.പി. പ്രകാരം വയനാട്ടിലെ നാല് ബ്ലോക്കുകളിലും പൊന്നാനി നഗരസഭയിലും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ? | (ഡി) | അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

11-ാം പഞ്ചവത്സര പദ്ധതിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(വയനാട് ജില്ല)

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 10 |
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെയും ലാബുകളെയും നിർമ്മാണം/ വികസനം | 38 |
| പാടിച്ചിറ കുടിവെള്ള പദ്ധതി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 1 |
| നടവയൽ കുടിവെള്ള പദ്ധതി പൂത്താടി ഗ്രാമപഞ്ചായത്ത് | 1 |
| പടിഞ്ഞാറേത്തറ-കുപ്പാടിത്തറ കുടിവെള്ള പദ്ധതി പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് | 1 |
| മേപ്പാടി പോളിടെക്നിക്കിന്റെ ലാബ് നവീകരണം | 1 |
| സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 1 |

12-ാം പഞ്ചവത്സര പദ്ധതിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(വയനാട് ജില്ല)

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 19 |
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെയും ലാബുകളെയും നിർമ്മാണം/ വികസനം | 157 |
| കുടിവെള്ള പദ്ധതി | 15 |
| സൈക്കിൾ വിതരണം | 1 |
| ബേസ് ലൈൻ സർവ്വേ | 1 |
| ഓറിയന്റേഷൻ പ്രോഗ്രാം | 1 |

(മലപ്പുറം ജില്ല)

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം | 4 |
| സൈക്കിൾ വിതരണം | 1 |
| ബേസ് ലൈൻ സർവ്വേ | 1 |
| ഓറിയന്റേഷൻ പ്രോഗ്രാം | 1 |

സെക്ഷൻ ഓഫീസർ